വനിതാ ശാക്തീകരണത്തിന്റെയും പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിന്റെയും ഭാഗമായി **വനിതാ സംവിധായകർ** സംവിധാനം ചെയ്യുന്ന **രണ്ട് മലയാള ഭാഷാ ഫീച്ചർ ഫിലിമുകളും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ**ത്തിൽപ്പെടുന്ന സംവിധായകർ സംവിധാനം ചെയ്യുന്ന രണ്ട് മലയാള ഭാഷാ ഫീച്ചർ ഫിലിമുകളും സംസ്ഥാന സർക്കാർ നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സി.യ്ക്കാണ് മേൽപറഞ്ഞ ഫിലിമുകളുടെ നിർമ്മാണ ചുമതല. ഈയവസരം പ്രയോജനപ്പെടുത്തി സിനിമാ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവരിൽ നിന്നും കെ.എസ്.എഫ്.ഡി.സി. പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

## വനിതാ സിനിമ

യോഗ്യതാ മാനദണ്ഡം

മലയാള ഭാഷാ പരിജ്ഞാനമുള്ള ഇന്ത്യൻ പൗരത്വമുള്ള വനിതാ സംവിധായകർക്കും പുതുമുഖ വനിതാ സംവിധായകർക്കും പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഇന്ത്യൻ പൗരത്വമുള്ള സംവിധായകരുടെ സിനിമ

യോഗ്യതാ മാനദണ്ഡം

മേൽപറഞ്ഞ വിഭാഗത്തിൽപ്പെടുന്ന സംവിധായകരായിരിക്കണം.
പുതുമുഖ സംവിധായകർക്കും പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്



### മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- കെ.എസ്.എഫ്.ഡി.സി.യിലെ താത്ക്കാലിക/സ്ഥിരം ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല.
- മേൽപറഞ്ഞ ഏതെങ്കിലും ഒരു വിഭാഗത്തിൽ മാത്രമെ ഒരു വ്യക്തിക്ക് അപേക്ഷിക്കുവാൻ പാടുള്ളൂ.
- അപേക്ഷാഫോമിൽ ഏത് വിഭാഗത്തിലേക്കാണ് പ്രൊപ്പോസൽ സമർപ്പിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തണം.
- ഒന്നിലധികം പ്രൊപ്പോസൽ സമർപ്പിക്കുന്നവരുടെ അപേക്ഷ പൂർണ്ണമായി നിരസിക്കുന്നതാണ്.

## പ്രൊപ്പോസൽ

കെ.എസ്.എഫ്.ഡി.സി.ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിൽ ചുവടെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കണം

- ചലച്ചിത്രത്തിന്റെ ആശയം (50 വാക്കുകൾ)
- ചലച്ചിത്രത്തിനോടുള്ള സംവിധായകരുടെ സമീപനം (1000 വാക്കുകൾ/2 പേജ്) വിവരണം.
- വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷാഫോറം പൂരിപ്പിച്ചത്.

**Bank Details:**

**KSFDC, Canara Bank,**
**Vazhuthacaud Branch,**
**A/C: 3113 214 00 0053**
**IFSC: CNRB 0002607**

### മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- പ്രൊപ്പോസലിൽ ഒറിജിനൽ ഫിലിം ഐഡിയ മാത്രമെ ഉൾപ്പെടുത്തുവാൻ പാടുള്ളൂ.
- **മലയാളത്തിൽ ആണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്.**
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമ എന്ന വിഭാഗത്തിൽ അപേക്ഷിക്കുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.
- പ്രൊപ്പോസലിൽ പരാമർശിച്ചിരിക്കുന്ന ഫീച്ചർ ഫിലിമിന് ചുരുങ്ങിയത് **90 മിനിട്ടും** പരമാവധി **120 മിനിട്ടും** ദൈർഘ്യമുണ്ടായിരിക്കണം.
- അപേക്ഷയോടൊപ്പം മാനേജിംഗ് ഡയറക്ടർ കെ.എസ്.എഫ്.ഡി.സി.യുടെ പേരിൽ **2000/– രൂപ**യുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷാ ഫീസിനത്തിൽ നൽകേണ്ടതാണ്. അപേക്ഷാഫീസ് താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യുകയോ അല്ലെങ്കിൽ ഓൺലൈൻ/ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫറോ ചെയ്യാവുന്നതാണ്. അപേക്ഷാഫീസ് ഇപ്രകാരം ട്രാൻസ്ഫർ ചെയ്യുന്നവർ ബാങ്ക് കൗണ്ടർഫോയിൽ/ യു.ടി.ആർ. നം./ അനുബന്ധരേഖകൾ എന്നിവ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ രണ്ടു വിഭാഗത്തിലും പ്രൊപ്പോസൽ സമർപ്പിക്കുന്ന എസ്.സി.എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന സംവിധായകരെ അപേക്ഷാ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വനിതാ സിനിമാ വിഭാഗത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെടുന്ന സംവിധായകരും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

**പരമാവധി ബഡ്ജറ്റ്**
ഫീച്ചർ ഫിലിം ഒന്നിന് മാർക്കറ്റിംഗ് ചെലവുകൾ ഉൾപ്പെടെ പരമാവധി **150 ലക്ഷം** രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്.

**അവസാന തീയതി**
പ്രൊപ്പോസലുകൾ സ്വീകരിക്കുന്ന അവസാന തീയതി **15.02.2021**ന് വൈകുന്നേരം **5 മണി**

**അയക്കേണ്ട വിലാസം**
മാനേജിംഗ് ഡയറക്ടർ,
ചലച്ചിത്ര കലാഭവൻ,
വഴുതക്കാട്,
തിരുവനന്തപുരം
695014

## തെരഞ്ഞെടുക്കുന്ന രീതി

3 ഘട്ടങ്ങളിലായിട്ടാണ് സംവിധായകരെ തെരഞ്ഞെടുക്കുന്നത്




## പ്രാരംഭ സ്ക്രീനിംഗ്

കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് നിയോഗിക്കുന്ന ഫിലിം പ്രൊഫഷണൽസ് ഉൾപ്പെട്ട ജൂറി നിർദ്ദിഷ്ട തീയതിക്കുള്ളിൽ ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് അടുത്ത ഘട്ടത്തിലേക്ക് കടക്കുവാൻ യോഗ്യമായ പ്രൊപ്പോസലുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. പ്രസ്തുത ലിസ്റ്റ് കെ.എസ്.എഫ്.ഡി.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## ശിൽപശാല




ലെവൽ–1 ൽ സെലക്ഷൻ ലഭിച്ച പ്രൊപ്പോസലുകൾ സമർപ്പിച്ച സംവിധായകരെ പ്രഗൽഭരായ ഫിലിം പ്രൊഫഷണൽസ് നേതൃത്വം നല്കുന്ന ശില്പശാലയിലേക്ക് ക്ഷണിക്കുന്നതാണ്. ശില്പശാലയുടെ അവസാന ദിവസം ശില്പശാലയിൽ പങ്കെടുത്ത സംവിധായകർ സമർപ്പിക്കുന്ന 6 പേജ് ട്രീറ്റ്മെന്റ് നോട്ട് വർക്ക്ഷോപ്പ് ഡയറക്ടർ നേതൃത്വം നല്കുന്ന ജൂറി വിലയിരുത്തി മൂന്നാം ലെവലിലേക്ക് കടക്കാൻ യോഗ്യമായ പ്രൊപ്പോസലുകൾ തെരഞ്ഞെടുക്കുന്നതാണ്. ഇങ്ങനെ സെലക്ഷൻ ലഭിച്ച പ്രൊപ്പാസലുകളുടെ വിവരം കെ.എസ്.എഫ്.ഡി.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

### മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- ശില്പശാലയിൽ പങ്കെടുക്കുന്ന സംവിധായകരിൽ നിന്നും **5000/– രൂപ** വർക്ക്ഷോപ്പ് ഫീസ് ഈടാക്കുന്നതാണ്.
- വനിതാ സിനിമ, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമ എന്നീ വിഭാഗങ്ങളിൽ പ്രൊപ്പോസൽ സമർപ്പിച്ച് സംവിധായകർക്ക് വെവ്വേറെ ആയിട്ടായിരിക്കും ശില്പശാലകൾ സംഘടിപ്പിക്കുക.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരിൽ നിന്നും വർക്ക്ഷോപ്പ് ഫീസ് ഈടാക്കുന്നതല്ല.
- ശില്പശാലകൾ തിരുവനന്തപുരത്തായിരിക്കും സംഘടിപ്പിക്കുക.
- 'വർക്കിംഗ് ലഞ്ച്', 'റിഫ്രഷ്മെന്റ്സ്' എന്നിവ ശില്പശാലയിൽ പങ്കെടുക്കുന്ന സംവിധായകർക്ക് സൗജന്യമായി നൽകുന്നതാണ്.
- യാത്ര, താമസം, എന്നിവ ശില്പശാലയിൽ പങ്കെടുക്കുന്ന സംവിധായകരുടെ ഉത്തരവാദിത്വമാണ്.




## സ്ക്രീൻപ്ലേ സമർപ്പണം

ലെവൽ 2 ൽ തെരഞ്ഞെടുക്കപ്പെട്ട ട്രീറ്റ്മെന്റ് നോട്ട് സമർപ്പിച്ച സംവിധായകരിൽ നിന്നും അവരുടെ ട്രീറ്റ്മെന്റിനെ ആസ്പദമാക്കി തിരക്കഥ സമർപ്പിക്കാൻ ആവശ്യപ്പെടുന്നതാണ്. ലെവൽ 2 ലെ റിസൾട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിനു ശേഷം പരമാവധി **21** ദിവസമായിരിക്കും തിരക്കഥ സമർപ്പിക്കാൻ നൽകുന്ന സമയം. ആവശ്യമെന്നു തോന്നുന്നപക്ഷം സംവിധായകർക്ക് ഒരു തിരക്കഥാകൃത്തിന്റെ സേവനം ഈ ഘട്ടത്തിൽ ഉപയോഗിക്കാവുന്നതാണ്.
**തിരക്കഥയുടെ 3 പകർപ്പുകളും 1 ഇംഗ്ളീഷ് പരിഭാഷയും സമർപ്പിക്കേണ്ടതാണ്.** സ്ക്രീൻപ്ളേ സമർപ്പിക്കുന്ന എല്ലാ സംവിധായകരേയും പ്രഗത്ഭരായ ഫിലിം പ്രൊഫഷണൽസ് അടങ്ങുന്ന ഒരു ജൂറി തിരക്കഥ അവതരണത്തിനും അഭിമുഖത്തിനുമായി ക്ഷണിക്കുന്നതാണ്. പ്രസ്തുത ജൂറി തന്നെയായിരിക്കും ഓരോ വിഭാഗത്തിൽ നിന്നും രണ്ടു വീതം തിരക്കഥകൾ നിർമ്മാണത്തിനായി തിരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട തിരക്കഥകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**മേൽപ്പറഞ്ഞ എല്ലാ ജൂറിയിലേയ്ക്കും അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ ഉള്ള സ്വാതന്ത്ര്യം പൂർണ്ണമായും കെ.എസ്.എഫ്.ഡി.സി യ്ക്കാണ്.**
**ഓരോ ലെവലിലും ജൂറി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. ഈ വിഷയത്തിൽ ഒരു പരാതിയും സ്വീകരിക്കുന്നതല്ല.**

സംശങ്ങൾക്കായി വിളിക്കേണ്ട നമ്പർ: 7736 129 145, 8589 8444 22

കേരളസംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ